**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1383** **07-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ എയ്ഡഡ് മേഖലകളിലെ അന്തർജില്ലാ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം സംബന്ധിച്ച് സർക്കാർ/എയ്ഡഡ് മേഖലകളിൽ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും വിശദമാക്കാമോ; | (എ) | അന്തർജില്ലാ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, കലണ്ടർ വർഷം മാർച്ച് 31 ന് നിലവിൽ ജോലിചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കണം. ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സേവനം എന്ന വ്യവസ്ഥയിൽ ഇളവുണ്ട്. കൂടാതെ ജവാന്റെ ആശ്രിതർക്ക് അഞ്ച് വർഷത്തെ സേവനം എന്ന വ്യവസ്ഥയിൽ ഇളവുണ്ട്. പ്രസ്തുത പരിഗണനകളെല്ലാംതന്നെ ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്നതാണ്. അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള ആകെ ഒഴിവുകളുടെ 20% സഹതാപാർഹ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നികത്തുന്നു. ഇതിനായി അപേക്ഷ ക്ഷണിക്കുന്ന സമയത്ത് അപേക്ഷകർ സ്വയം പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം ഉചിത മാർഗ്ഗേണ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ നിലവിൽ ജോലിചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കണം. ഉചിത മാർഗ്ഗേണ അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. എയ്ഡഡ് മേഖല: എയ്ഡഡ് സ്കൂളുകളിൽ അന്തജില്ലാ സ്ഥലംമാറ്റം എന്ന വ്യവസ്ഥ നിലവിലില്ല. |
| (ബി) | കോർപറേറ്റ് മാനേജ്മെന്റ് നിയമിക്കുന്ന അധ്യാപകർക്ക് അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ചാൽ സീനിയോറിറ്റിയെ ബാധിക്കുമോ; ഇല്ലെങ്കിൽ വിശദാംശം നൽകാമോ; | (ബി) | മാനേജ്മെന്റിനകത്തുള്ള സ്ഥലംമാറ്റം മാത്രമേ നിലവിലുള്ളു. ആയതിനാൽ സീനിയോറിറ്റി പ്രശ്നം വരുന്നില്ല. |
| (സി) | സർക്കാർ സ്കൂളുകളിൽ പി.എസ്.സി വഴി നിയമനം ലഭിച്ച അധ്യാപകർക്ക് അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ചാൽ സീനിയോറിറ്റിയെ ബാധിക്കുമോ; എങ്കിൽ | (സി) | പി.എസ്.സി. മുഖേന ജില്ലാതല നിയമനം ലഭിച്ചവർക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുമ്പോൾ സീനിയോറിറ്റിയെ ബാധിക്കും. |

| | | | |
|---|---|---|---|
| | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | പി.എസ്.സി. മുഖേനയുള്ള ജില്ലാതല നിയമനങ്ങളിൽ ഉദ്യോഗാർത്ഥികൾ ജോലിക്ക് അപേക്ഷിക്കുമ്പോൾ അവർതന്നെ തിരഞ്ഞെടുക്കുന്ന ജില്ലകളിലാണ് നിയമനം നൽകുന്നത്. നിലവിലെ വ്യവസ്ഥകൾ അനുസരിച്ച്, അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുമ്പോൾ സ്ഥലംമാറ്റപ്പെടുന്ന ജില്ലയിൽ, ഇപ്പോൾ ജോലി നോക്കുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റിക്ക് വിഘാതം വരാത്ത രീതിയിലാണ് അപേക്ഷകരെ നിയമിക്കപ്പെടുന്നത്. അന്തർജില്ലാ സ്ഥലംമാറ്റ വ്യവസ്ഥകൾ പ്രസ്താവിച്ചിട്ടുള്ള ജി.ഒ.(പി) നം.36/91/ പി&എ.ആർ.ഡി. ഉത്തരവിന്റെ പരിധിയിൽ വരുന്ന സർക്കാർ സർവ്വീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഈ വ്യവസ്ഥകൾ ബാധകമാണ്. ആയതിൽ മാറ്റം വരുത്തുന്നകാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ